# 10

## ചോ:

# "യേശു അത്തരം ഒരു നല്ല മനുഷ്യൻ ആയിരുന്നുവെങ്കിൽ, എന്തുകൊണ്ടാണ് അവൻ ഒരു സാധാരണ കുറ്റവാളിയെപ്പോലെ മരിച്ചത്?"

## ഉത്തരം:

നാം കാൽവരിയെ കുറിച്ചു ചിന്തിക്കുമ്പോൾ, ഇങ്ങനെ ചോദിക്കുവാൻ നിർബ്ബന്ധിതരാകും, "യേശു അത്തരം ഒരു നല്ല മനുഷ്യൻ ആയിരുന്നുവെങ്കിൽ, എന്തുകൊണ്ടാണ് അവൻ ഒരു സാധാരണ കുറ്റവാളിയെപ്പോലെ മരിച്ചത്?"

ഒരു വലിയ-കണ്ണുള്ള കൗമാര-പ്രായത്തിലുള്ള പെൺകുട്ടി ആ ചോദ്യത്തെ ഒരിക്കൽ എന്നോട് ഈ രീതിയിൽ ചോദിച്ചു: "യേശു ഒരു തെറ്റും ചെയ്തിട്ടില്ലെങ്കിൽ, പിന്നെ എന്തിനാണ് അവനെ ക്രൂശിൽ തറെച്ചത്? അത് എനിക്കു ന്യായമാണെന്നു തോന്നുന്നില്ല." അത് അർത്ഥവത്തായ ചോദ്യമാണ്, അല്ലേ?

അത് അർത്ഥവത്താകാൻ ഒന്നാമത്തെ കാരണം, യേശു ഒരു നല്ല മനുഷ്യ*നായിരുന്നു.* ചരിത്രത്തിലെ എല്ലാ നായകന്മാർക്കും കളിമൺ പാദങ്ങൾ ഉണ്ടായിരുന്നു. അവർ വലിയവരായിരുന്നു, പക്ഷെ അവരിൽ തെറ്റുകളും ഉണ്ടായിരുന്നു. എന്നാൽ യേശുവിൽ അതുണ്ടായിരുന്നില്ല. അവൻ നല്ലവനായിരുന്നു എന്നത് ആരും നിഷേധിച്ചിരുന്നില്ല. ഒരു അവിശ്വാസി അവനെ കുറിച്ചു വിചിത്രമായി ചിന്തിച്ചേക്കാം, അല്ലെങ്കിൽ അവന്റെ ജീവിതവും ഉപദേശങ്ങളും അപ്രായോഗികം എന്നു വിചാരിച്ചേക്കാം. എന്നാൽ അവൻ *ഒരു നല്ല മനുഷ്യൻ* ആയിരുന്നു എന്നത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല.

ചോദ്യം അർത്ഥവത്തുമാണ്, കാരണം, യേശുവിനെ ക്രൂശിൽ തറെച്ചത് ഒരു സാധാരണ കുറ്റവാളിയെ പോലെ*യായിരുന്നു.* പുരാതന ലോകത്തിൽ പലരെയും ക്രൂശിൽ തറെച്ചിട്ടുണ്ട്. സോറിനെതിരായുള്ള മത്സരയുദ്ധത്തിൽ മഹാനായ അലെക്സാണ്ടർ തന്റെ ആയിരകണക്കിന് ശത്രുക്കളെ ക്രൂശിൽ തറെക്കുകയുണ്ടായി. കൂടാതെ, യോസെഫസ് പറഞ്ഞതനുസരിച്ചു, ഏഡി. 70-ൽ റോമാക്കാർ അവസാനം യെരുശലേം പിടിച്ചടക്കിയപ്പോൾ, ആ പട്ടണത്തിന്റെ മതിലിന്മേൽവെച്ചു അവർ മുപ്പതിനായിരം യെഹൂദന്മാരെ ക്രൂശിൽ തറെച്ചിരുന്നു.[1]

മറ്റൊരർത്ഥത്തിൽ, യേശുവിന്റെ മരണം ഒരു "സാധാരണ" കുറ്റവാളിയുടേതായിരുന്നില്ല. റോമാക്കാർക്കിടയിൽ, ക്രൂശിൽ തറെക്കൽ സാധാരണ സംഭവമായിരുന്നു, എന്നാൽ അത് "പരദേശികൾക്കും, അടിമകൾക്കും, അല്ലെങ്കിൽ ഏറ്റവും താഴേക്കിടയിലുള്ള കുറ്റവാളികൾക്കും" വേണ്ടിയാണ് വെച്ചിരുന്നത്. റോമാപൗരന്മാരെ സാധാരണ ക്രൂശിൽ തറെച്ചിരുന്നില്ല.[2] പിന്നെ, ക്രൂശിൽ തറെക്കൽ, "സാധാരണ കുറ്റവാളികൾക്ക്" ഉള്ളതായിരുന്നില്ല, എന്നാൽ അത് "അസാ

ധാരണ കുറ്റവാളികൾക്ക്" ഉള്ളത് ആയിരുന്നു; അത് നികൃഷ്ടമനുഷ്യർക്ക് വേണ്ടിയാണ് വെച്ചിരുന്നത്. അങ്ങനെയുള്ളവർക്ക്, അത് അസാധാരണമായ ലജ്ജയും, വേദനയും, ദൈർഘ്യവുമുള്ള മരണം നൽകിയിരുന്നു.

യേശു മരിച്ചതുപോലെ മറ്റായിരക്കണക്കിനാളുകൾ ക്രൂശിൽ മരിച്ചിട്ടുണ്ട്. പക്ഷെ ഒരു നല്ല മനുഷ്യനായിരുന്ന അവൻ, നീചനായ ഒരു മനുഷ്യനെ പോലെ, മരിക്കേണ്ടിവന്നത് എന്തുകൊണ്ട്?

തുറന്നുപറഞ്ഞാൽ, യേശുവിന്റെ മരണം ക്രൂശിൽ മരിച്ച മറ്റുള്ള വരുടേതുപോലെ ആയിരുന്നുവെങ്കിൽ, നമുക്ക് അവന്റെ മരണത്തിൽ യാതൊരു വിലയുമുണ്ടാകുമായിരുന്നില്ല. ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യാശ നിലനിൽക്കു ന്നത് ക്രിസ്തുവിന്റെ മരണം പലവിധത്തിൽ *പ്രത്യേകതയുള്ള*തായിരുന്നു എന്ന വസ്തുതയിലാണ്. പ്രത്യക്ഷതയിൽ, അവന്റെ മരണം മറ്റനേകരുടേത് എന്നു തോന്നും, എന്നാൽ വാസ്തവത്തിൽ അതിനു വളരെ വ്യത്യാസം ഉണ്ട്.

## അത് ഒരു നിരപരാധിയായ മനുഷ്യന്റെ മരണമായിരുന്നു

യേശുവിന്റെ മരണം വ്യത്യസ്തതയുള്ളതായിരുന്നു കാരണം അത് ഒരു നിരപരാധിയായ മനുഷ്യന്റെ മരണമായിരുന്നു.

ശിക്ഷയുണ്ടാകത്തക്ക യാതൊന്നും യേശു ചെയ്തിരുന്നില്ല എന്ന് സുവി ശേഷങ്ങൾ വ്യക്തമാക്കുന്നുണ്ട്. *യേശുവിന്റെ ശത്രുക്കൾക്കുപോലും അവ നെതിരായി കള്ളസാക്ഷികളെ യോജിപ്പിക്കുവാൻ കഴിഞ്ഞില്ല* (മത്തായി 26:59, 60). കള്ളം പറയുന്നവർക്കുപോലും കുറ്റപ്പെടുത്തുവാൻ കഴിയാത്ത നിരപ രാധി ആയിരുന്നു യേശു! *റോമൻ അധികാരികളായിരുന്ന, പിലാത്തോസും ഹെരോദാവും, യേശു നിരപരാധിയാണെന്നു കണ്ടിരുന്നു* (ലൂക്കൊസ് 23:14, 15). യേശുവിനെ കുറ്റക്കാരനെന്നോ അല്ലെങ്കിൽ നിരപരാധി എന്നോ വിധി ക്കുവാൻ ആർക്കെങ്കിലും അന്ന് അധികാരമുണ്ടായിരുന്നുവെങ്കിൽ, അതു പിലാത്തൊസിനും ഹെരോദാവിനും ആയിരുന്നു, അവർ രണ്ടുപേരും പറ ഞ്ഞത് അവൻ കുറ്റക്കാരൻ അല്ല എന്നായിരുന്നു! *പിലാത്തൊസിന്റെ ഭാര്യ പറഞ്ഞതു യേശു നിരപരാധിയാണ് എന്നാണ്!* അവൾ തന്റെ ഭർത്താവിനെ വിവരം അറിയിച്ചു: "... ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത് ..." (മത്തായി 27:19). *യേശു മരിച്ചപ്പോൾ, അവനെ കൊന്നതായ ശതാധിപൻ അവൻ നിരപരാധിയാണെന്ന് തിരിച്ചറിഞ്ഞു.* അവൻ മരിച്ചത് കണ്ടശേഷം, അവൻ, "'ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു' എന്നു പറഞ്ഞു, ദൈവത്തെ മഹത്വപ്പെടുത്തി" (ലൂക്കൊസ് 23:47; "തീർച്ചയായും അവൻ ഒരു നീതിമാൻ ആയിരുന്നു," കെജെവി). യേശു മരിച്ചപ്പോൾ ഉണ്ടാ യിരുന്ന കഠിനഹൃദയനായ ആ പടയാളിക്ക് അവന്റെ നിരപരാധിത്വം ബോധ്യ പ്പെട്ടെങ്കിൽ, നമുക്കും ബോധ്യമാകും! *യേശുവിനോടുകൂടെ ക്രൂശിച്ചിരുന്ന രണ്ടുകള്ളന്മാരിൽ യേശുവിന്റെ നിരപരാധിത്വം ബോധ്യമായി:* "... ഈ മനുഷ്യൻ ഒരു തെറ്റും ചെയ്തിട്ടില്ല" (ലൂക്കൊസ് 23:41). യേശു തികച്ചും നിരപരാധി ആയിരുന്നു.

## പാപമില്ലാത്ത ഒരു മനുഷ്യന്റെ മരണമായിരുന്നു അത്

യേശുവിന്റെ മരണം വ്യത്യസ്തമായിരുന്നു കാരണം അതു പാപമില്ലാത്ത മനുഷ്യന്റേതായിരുന്നു. യേശുവിന് ക്രൂശിൽ തറെക്കുവാൻ തക്കകുറ്റം ഇല്ലാത്ത

നിരപരാധിയായിരുന്നു അവൻ. അത് അസാധാരണമാണ്, എന്നാൽ പ്രത്യേകത ഇല്ലാത്തതാണ്. യേശുവിനെ കുറിച്ചു നാം ഇത്രയും പറഞ്ഞത് മറ്റുള്ളവരെ കുറിച്ചും പറയുവാൻ കഴിയും: അവൻ നിരപരാധിയായി മരിച്ചു.

ഇത് നമുക്കു മറ്റാരെ കുറിച്ചും പറയുവാൻ സാധ്യമല്ല. ഒരു പാപവും ചെയ്യാതെ മരിച്ചത് യേശു മാത്രമായിരുന്നു. അവനെ ക്രൂശിൽ തറെച്ചപ്പോൾ ഒരു കുറ്റവും ചെയ്യാത്ത നിരപരാധി മാത്രമായിരുന്നില്ല യേശു; അവൻ തന്റെ ജീവിതം മുഴുവനും ഒരു പാപവും ചെയ്യാത്ത നിരപരാധി ആയിരുന്നു!

എബ്രായ ലേഖകൻ പറയുന്നത് യേശു "പാപമൊഴികെ, സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ" (എബ്രായർ 4:15). മരുഭൂമിയിൽ വെച്ച്, സാത്താന്റെ പരീക്ഷണങ്ങളെ യേശു തിരസ്കരിച്ചു. എന്നാൽ സംഭവം അവിടെ അവസാനിച്ചിരുന്നില്ല. അവൻ "സർവ്വത്തിലും നമ്മെ പോലെ ... പരീക്ഷിക്കപ്പെട്ടു" (ആർഎസ്‌വി), എങ്കിലും പാപം കൂടാതെ ആയിരുന്നു.

യേശു പറഞ്ഞു, "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ചു ബോധം വരുത്തുന്നു?" (യോഹന്നാൻ 8:46). അന്നും ആർക്കും കഴിഞ്ഞില്ല, പിന്നീടും ആർക്കും കഴിഞ്ഞില്ല. യേശുവിന്റെ മരണം പ്രത്യേകതയുള്ളതായിരുന്നു കാരണം അവനിൽ പാപം ഇല്ലായിരുന്നു!

## അതു മുന്നറിയിച്ചിരുന്നു

യേശുവിന്റെ മരണം വ്യത്യസ്തമായിരുന്നു കാരണം അതു മുന്നറിയിച്ചിരുന്നു. അവൻ തന്റെ മരണത്തെ മുൻകാണുകയും മുന്നറിയിക്കുകയും ചെയ്തിരുന്നു. പത്രൊസ് വലിയ ഏറ്റുപറച്ചിൽ നടത്തുകയും സഭയുടെ ആരംഭത്തെ കുറിച്ച് സൂചിപ്പിച്ചു, യേശു "താൻ യെരുശലേമിൽ ചെന്നിട്ട്, ... കൊല്ലപ്പെടുകയും, മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു ശിഷ്യന്മാരോടു" പറഞ്ഞു തുടങ്ങി (മത്തായി 16:21). ആ സമയത്ത്, അവനെ കൊല്ലണമെന്ന പരക്കെയുള്ള ആവശ്യം ഉയർന്നിരുന്നില്ല. യേശുവിന് വലിയ പ്രസിദ്ധി ഉണ്ടായിരുന്ന സമയമായിരുന്നു അത്, അവന്റെ വിജയകരമായ യെരുശലേമിലേക്കുള്ള പ്രവേശനമായിരുന്നു. എങ്കിലും താൻ മരിക്കുമെന്ന് അവന്റെ ശിഷ്യന്മാരോടു പറഞ്ഞിരുന്നു.

വാസ്തവത്തിൽ, അവന്റെ മരണം വളരെ കാലം മുൻപുതന്നെ പ്രവചിച്ചിരുന്നു. അവൻ മരിക്കുമെന്ന് പഴയനിയമ പ്രവാചകന്മാർ പ്രവചിച്ചിരുന്നു. ഉദാഹരണത്തിന്, യോഹന്നാൻ, യേശുവിന്റെ അങ്കിക്കായി പടയാളികൾ ചീട്ടിടുമെന്ന് ചൂണ്ടിക്കാണിച്ചിരുന്നു (യോഹന്നാൻ 19:24), "എനിക്കു ദാഹിക്കുന്നു" എന്ന് യേശു പറഞ്ഞപ്പോൾ, (യോഹന്നാൻ 19:28), പടയാളികൾ അവന്റെ കാലുകൾ ഒടിക്കാതിരുന്നപ്പോൾ (യോഹന്നാൻ 19:36), അവർ അവനെ അവന്റെ വിലാപ്പുറത്തു കുത്തിയപ്പോൾ (യോഹന്നാൻ 19:37), പഴയനിയമ തിരുവെഴുത്തുകൾ നിറവേറുകയായിരുന്നു.

യേശുവിന്റെ മരണം തിരുവെഴുത്തുകളെ നിറവേറ്റുന്നതായി പുതിയ നിയമത്തിലെ ദൈവശ്വാസീയ ഉപദേഷ്ടാക്കന്മാർ ചൂണ്ടി കാണിച്ചു. അവർക്കു അങ്ങനെ ചെയ്യുവാൻ കഴിഞ്ഞതിന്റെ കാരണം, അവർ യെഹൂദന്മാരോടു സംസാരിച്ചപ്പോൾ യേശു *ക്രൂശിക്കപ്പെട്ട* മിശിഹ ആയിരുന്നുവെന്ന് അവർക്കു തെളിയിക്കേണ്ടിയിരുന്നു. യെഹൂദന്മാർക്കു അതു മനസ്സിലായില്ല. മശിഹയെ കുറിച്ചുള്ള അവരുടെ ചിന്ത അവൻ വലിയ രാജാവായി വന്ന് റോമിന്റെ പടയാളികൾക്കെതിരായി യുദ്ധം നയിച്ച് തങ്ങളെ സുരക്ഷിതരാ

ക്കുമെന്ന് അവർ വിചാരിച്ചു. ഒരു മശിഹ ക്രൂശിൽ മരിക്കുന്നത് അവരുടെ ചിന്തക്കപ്പുറമായിരുന്നു, കാരണം മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവർ എന്ന വിശ്വാസമായിരുന്നു അവർക്കുണ്ടായിരുന്നത്. അതുകൊണ്ട്, പൗലൊസ് പിസിദ്യയിലെ അന്ത്യോക്യയിലെ യെഹൂദന്മാരോടു പറഞ്ഞു, "യെരുശലേം നിവാസികളും, ... അവരുടെ പ്രമാണികളും അവനെയോ ശബ്ബത് തോറും വായിച്ചുവരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ ... അവനെ ശിക്ഷക്കുവിധിക്കയാൽ അവയ്ക്കു നിവൃത്തി വരുത്തി" (പ്രവൃത്തികൾ 13:27). യേശുവിന്റെ ക്രൂശീകരണം തിരുവെഴുത്തുകളുടെ *നിവർത്തീകരണമായിരുന്നു.*

യേശു മരിച്ചപ്പോൾ ഏതു തിരുവെഴുത്തുകളാണ് നിവർത്തിയായത്? പഴയനിയമത്തിലെ ഒരദ്ധ്യായമായ സങ്കീർത്തനങ്ങൾ 22 നോക്കുക. അത് തുടങ്ങുന്നതുതന്നെ യേശു ക്രൂശിൽവെച്ചു പറഞ്ഞ വാക്കുകളോടെയാണ്, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" (വാ. 1). പിന്നെ അത് മശിഹയെ കുറിച്ചു "മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, പരിഹസിക്കപ്പെട്ടും ഇരിക്കുന്നു," അവനെ പരിഹസിക്കുന്നതും, അവന്റെ കൈകാലുകൾ മുറിവേൽപ്പിക്കുന്നതും, അവന്റെ വസ്ത്രം പകുത്തെടുക്കുന്നതും പറയുന്നു (വാ. 6–8, 16–18). അതിൽ ഓർമ്മിക്കത്തക്ക വാക്കുകളും ഉൾപ്പെടുന്നു: "എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു" (വാ. 18).

ആ തിരുവെഴുത്തുകളുടെ നിവർത്തീകരണം എന്താണു നമ്മോടു പറയുന്നത്? യേശുവിന്റെ മരണം മുന്നറിയിച്ചിരുന്നു എന്നു പറയുന്നതോടൊപ്പം, ബൈബിൾ ദൈവശ്വാസീയമാണെന്നും യേശു ദൈവപുത്രനാണെന്നും അതു തെളിയിക്കുന്നു. ഒരു മനുഷ്യനും, അവന്റെ ജ്ഞാനത്താലോ ശക്തിയാലോ, ബൈബിളിലെ എഴുത്തുകാരുടെ അവിശ്വസനീയമായ കൃത്യതയാൽ മനുഷ്യന്റെ മരണം മുന്നറിയിക്കുവാൻ സാധ്യമല്ല, *പ്രത്യേകിച്ച് ആ മനുഷ്യൻ ജനിക്കുന്നതിനു നൂറുകണക്കിനു വർഷങ്ങൾക്കു മുൻപു തന്നെ!* പിന്നെ, എങ്ങനെ, പ്രവാചകന്മാർക്കു അതു സാധിച്ചു? ദൈവശക്തിയാൽ! ആ പ്രവചനനിവർത്തീകരണം തെളിയിക്കുന്നത് യേശു തീർച്ചയായും ദൈവത്താൽ അയക്കപ്പെട്ട മശിഹയാണെന്നും, പ്രവാചകന്മാർ മശിഹയെ കുറിച്ച് എഴുതിയപ്പോൾ അവർ ദൈവശ്വാസീയരായിരുന്നു എന്നുമാണ്.

## അതു ആവിഷ്ക്കരിച്ചിരുന്നു

യേശുവിന്റെ മരണം വ്യത്യസ്തമായിരുന്നു കാരണം, അതു ആവിഷ്ക്കരിച്ചിരുന്നു. നിയമത്തിന്റെ കയ്യിലേക്കു വെറുതെ എറിയപ്പെട്ട ഒരു നല്ല മനുഷ്യൻ മാത്രമായിരുന്നില്ല അവൻ. അവന്റെ മരണം മനപ്പൂർവ്വമായ ഒന്നായിരുന്നു. അവന്റെ ജീവിതം മുഴുവൻ അവൻ ക്രൂശിന്റെ നിഴലിൽ ആയിരുന്നു ജീവിച്ചിരുന്നത്. അവന്റെ ജനനം മുതൽ മരണം വരെ അവനായി നിശ്ചയിക്കപ്പെട്ട ഗൊൽഗോഥയിലേക്ക്, തടഞ്ഞുനിർത്താൻ ആവാത്ത വിധത്തിൽ അവൻ നടക്കുകയായിരുന്നു.

പെന്തെക്കൊസ്തു നാളിൽ പത്രൊസ് യേശുവിനെ ക്രൂശിച്ചവരോടു, യേശുവിനെ കുറിച്ചു പറയുന്നു, "നസ്രായനായ യേശുവിനെ, ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപ്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികരുടെ കയ്യാൽ തറപ്പിച്ചു കൊന്നു" (പ്രവൃത്തികൾ 2:23). ദൈവത്തിന്റെ

മുൻനിർണ്ണയത്താലും മുൻനിശ്ചയത്താലുമായിരുന്നു യേശുവിനെ ക്രൂശിൽ തറച്ചത്. ദൈവം ആ രീതിയിലാണ് അതു ആസൂത്രണം ചെയ്തത്.

അതുകൊണ്ടു, കാൽവരിയിൽ സംഭവിച്ചത് ദൈവത്തിന്റെ പദ്ധതിയെ ദുഷ്ടമനുഷ്യർ മറികടക്കുന്നതായിരുന്നില്ല. അതു ദൈവം പദ്ധതി ഒരുക്കിയതു അനുസരിച്ചു സംഭവിച്ചതാണ്. അക്കാരണത്താൽ യേശുവിനെ കൊന്നവർക്ക് ആ കുറ്റത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാനും സാദ്ധ്യമല്ലായിരുന്നു. ജനക്കൂട്ടത്തിൽ എല്ലാവരും അത്യുച്ചത്തിൽ, ''അവനെ ക്രൂശിക്ക!'' എന്ന് ആർത്തുവിളിച്ചത് അവരുടെ സ്വന്ത തിരഞ്ഞെടുപ്പായിരുന്നു. ഓരോരുത്തൻ, താന്താന്റെ സ്വന്ത തീരുമാനത്താൽ ആയിരുന്നു യേശുവിനെ ക്രൂശിക്കുവാൻ തീരുമാനിച്ചത്, അതുകൊണ്ട് ഓരോരുത്തർക്കും യേശുവിന്റെ മരണത്തിന്റെ കുറ്റം ഉണ്ടായിരുന്നു.

യേശു എന്തിനാണ് മരിച്ചത്? ദൈവം അവന്റെ മരണത്തെ നിശ്ചയിച്ചതുകൊണ്ടാണ് അവൻ മരിച്ചത്. യേശുവിന്റെ മരണം ദൈവത്തിന്റെ നിത്യ പദ്ധതിയുടെ, ദൈവത്തിന്റെ മാറാത്ത പദ്ധതിയുടെ ഭാഗമായിരുന്നു. അതു യേശുവിന്റെ മരണത്തെ പ്രത്യേകതയുള്ളതാക്കി.

## അതിനുചുറ്റുമുള്ള സംഭവങ്ങൾ

ക്രൂശിനുചുറ്റും സംഭവിച്ച കാര്യങ്ങൾ കാരണം യേശുവിന്റെ മരണം വ്യത്യാസമുള്ളതായിരുന്നു. മത്തായി 27 നാലു ശ്രദ്ധേയമായ സംഭവങ്ങൾ പറയുന്നു: മൂന്നു മണിക്കൂർ അസ്വാഭാവികമായ ഇരുട്ടുണ്ടായി (വാ. 45), യെരുശലേം ദേവാലയത്തിലെ തിരശ്ശീല മുകൾഭാഗം തൊട്ട് അടിഭാഗം വരെ കീറി (വാക്യം. 51), ഒരു ഭൂകമ്പവും (വാ. 51), യേശുവിന്റെ ഉയിർപ്പിനുശേഷം വിശുദ്ധന്മാരുടെ ശരീരങ്ങളും ഉയർത്തെഴുന്നേൽക്കയുണ്ടായി (വാ. 52, 53).

ഈ പ്രതിഭാസങ്ങൾ നമ്മോടു പറയുന്നത് ക്രൂശിന്മേൽ എന്തോ അസാധാരണമായതു സംഭവിച്ചു എന്നാണ് - അസ്വാഭാവികമായ ചിലത്. അവ പ്രഖ്യാപിക്കുന്നു: അതു ദൈവത്തിന്റെ പ്രവൃത്തിയാണ്! ദൈവം ഉൾപ്പെട്ടിരിക്കുന്നു! സൂര്യനെ ഇരുട്ടാക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല, എന്നാൽ ദൈവത്തിനു കഴിയും, അവൻ അങ്ങനെ ചെയ്തു. ദൈവം തിരശ്ശീല മേൽതൊട്ട് അടിവരെ ആണു കീറിയത്, അല്ലാതെ അടിതൊട്ട് മേൽഭാഗംവരെയല്ല, അതുകൊണ്ട് ആർ അതു ചെയ്തിരിക്കുമെന്നതിനെ സംബന്ധിച്ച് ഒരുസംശയവുമില്ല. മനുഷ്യന് ഭൂകമ്പം ഉണ്ടാക്കുവാൻ സാധ്യമല്ല, എന്നാൽ ദൈവത്തിനു കഴിയും, അവൻ അതു ചെയ്തു. മനുഷ്യനു മരിച്ചവരെ ഉയർപ്പിക്കുവാൻ സാധ്യമല്ല, എന്നാൽ ദൈവത്തിനു കഴിയും, അവൻ അതു ചെയ്തു. ക്രൂശിൽ മനുഷ്യചരിത്രത്തിൽ ചിലപ്രത്യേകതയുള്ളതു സംഭവിച്ചു: ദൈവപുത്രൻ അവിടെ മരിച്ചു. ആ അത്ഭുത സംഭവങ്ങൾ ആ വസ്തുതയെ ഉറപ്പിക്കുന്നു.

ശതാധിപൻ, "ഭൂകമ്പം മുതലായവ സംഭവിച്ചതു കണ്ടിട്ടു, ഏറ്റവും ആശ്ചര്യപ്പെട്ടുകൊണ്ടു ഇങ്ങനെ പറഞ്ഞതിൽ സംശയിക്കുവാനില്ല, 'അവൻ ദൈവപുത്രനായിരുന്നു, സത്യം!'" (മത്തായി 27:54).

## അതു മറ്റുള്ളവർക്കുള്ള ഒരു മരണമായിരുന്നു

യേശുവിന്റെ മരണം വ്യത്യാസമുള്ളതായിരുന്നു കാരണം അതു മറ്റുള്ളവർക്കുവേണ്ടിയുള്ള ഒരു മരണമായിരുന്നു. അവന്റെ മരണം മുൻകൂട്ടി അറിയിച്ചിരിക്കുകയും, പദ്ധതി ആവിഷ്ക്കരിക്കയും, ദൈവം പ്രവർത്തിച്ച

തായതുകൊണ്ടും, ദൈവത്തിന്റെ പദ്ധതിയിൽ അതിന് എന്തുപങ്കാണുണ്ടായിരുന്നത്? മുഖ്യപ്രശ്നം ഇതാണ്: യേശു നിരപരാധി ആയിരുന്നുവെങ്കിൽ, പിന്നെ, ദൈവത്തിന്റെ പദ്ധതി അനുസരിച്ചു, എന്തുകൊണ്ടു യേശു മരിക്കേണ്ടിവന്നു?

യേശു നിരപരാധിയും പാപരഹിതനുമായിരുന്നതിനാൽ, തനിക്കുവേണ്ടി അവൻ മരിക്കാതിരുന്നതുകൊണ്ടു, അവൻ മറ്റുള്ളവർക്കുവേണ്ടി മരിച്ചു. മറ്റുള്ളവർ രക്ഷിക്കപ്പെടേണ്ടതിന്, അവൻ മറ്റുള്ളവർക്കുവേണ്ടി മരി*ക്കേണ്ടിയിരുന്നു*.

ക്രിസ്തു മറ്റുള്ളവർക്കുവേണ്ടിയാണ് മരിച്ചതെന്ന് പുതിയ നിയമം തറപ്പിച്ചു പറയുന്നു. യേശു പറഞ്ഞു, "ഇതു അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന, പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:28). പൗലൊസ് എഴുതി, "... നാം പാപികളായിരിക്കുമ്പോൾ തന്നെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു" (റോമർ 5:8). സുവിശേഷം, പൗലൊസു പറഞ്ഞതനുസരിച്ചു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു" എന്ന വസ്തുത ഉൾപ്പെടുത്തുന്നു (1 കൊരിന്ത്യർ 15:3). ക്രിസ്തു മനുഷ്യനായി തീർന്നത് "ദൈവകൃപയാൽ അവൻ സകലമനുഷ്യർക്കും വേണ്ടി മരണം ആസ്വദിക്കേണ്ടതിനായിരുന്നു" എന്ന് എബ്രായ ലേഖകൻ പറയുന്നു (എബ്രായർ 2:9).

പഴയനിയമത്തിലും ഇതേ സുവാർത്ത യെശയ്യാവ് 53-ൽ പ്രഖ്യാപിക്കുന്നു. വാക്യം 4 മുതൽ 6 വരെ പറയുന്നു,

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു; ... എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു ... എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി. (എംഫസിസ് മൈൻ).

യേശു മറ്റുള്ളവർക്കുവേണ്ടി മരിച്ചു. അതെന്താണ് അർത്ഥമാക്കുന്നത്? മറ്റുള്ളവരുടെ പാപങ്ങൾ യേശു തന്നിൽ ഏറ്റെടുത്തു; അവരുടെ പാപങ്ങളെയും ശിക്ഷയെയും യേശു സ്വയം ഏറ്റുവാങ്ങി. പൗലൊസു പറഞ്ഞു,

> "... ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ, ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു, ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേൽപിച്ചുമിരിക്കുന്നു ... പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:19, 21).

യേശു ക്രൂശിൽ മരിച്ചപ്പോൾ അവനെ പാപമാക്കി മാറ്റി. നിങ്ങളുടെയും എന്റെയും പാപങ്ങൾക്കുള്ള ശിക്ഷ ആയിട്ടാണ് അവൻ നമുക്കുവേണ്ടി നരകയാതന അനുഭവിച്ചു മരണം ആസ്വദിച്ചത്. എന്നേക്കും മനുഷ്യർ ദൈവത്തിൽ നിന്ന് വേർപെട്ടു കഴിയേണ്ടിവരുന്ന ഒരു സ്ഥലമാണ് നരകം (2 തെസലൊനിക്യർ 1:9). യേശുവിന്റെ മരണസമയത്ത്, അവനെ വേർപെ

ടുത്തുകയും അവൻ നിലവിളിക്കുകയും ചെയ്തു, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവിട്ടത് എന്ത്?" (മത്തായി 27:46).

ദൈവം എന്തു*കൊണ്ടു* അവനെ കൈവിട്ടു? കാരണം യേശുവിനെ പാപമാക്കി മാറ്റി! കാരണം അവൻ സകലമനുഷ്യരുടെയും പാപത്തിന്റെ കുറ്റം തന്നിലേക്ക് ഏറ്റെടുത്തു. പരിശുദ്ധനായ ദൈവത്തിന്, പാപത്തെ അനുവദിക്കുവാൻ സാദ്ധ്യമല്ല; ക്രൂശിൽ ദൈവം ക്രിസ്തുവിൽ നിന്ന് മുഖം തിരിക്കുവാനുള്ള കാരണം ക്രിസ്തു പാപത്തിന്റെ സാക്ഷാൽക്കാരമായതുകൊണ്ടാണ്. അവൻ ക്രിസ്തുവിൽ നിന്ന് വേറിട്ടത്, വീണ്ടെടുക്കപ്പെടാത്ത പാപികളിൽ നിന്ന് നിത്യമായി വേറിടുന്നതിന്റെ സൂചന ആയിരുന്നു.

യേശു മരണത്തിൽ നരകയാതന അനുഭവിച്ചു, കാരണം അവൻ പാപത്തിനുള്ള മുഴുവൻ ശിക്ഷയും സഹിക്കുകയായിരുന്നു. നമ്മുടെ പാപങ്ങൾക്കു ആവശ്യമായ വില അവൻ കൊടുത്തപ്പോൾ, പാപം ആവശ്യപ്പെടുന്ന ശിക്ഷ അവൻ അനുഭവിച്ചപ്പോൾ, അവൻ നിലവിളിച്ചു പറഞ്ഞു, "അതു നിവർത്തിയായി," പിന്നെ അവൻ മരിക്കുകയും ചെയ്തു.

യേശു എന്തുകൊണ്ട് ക്രൂശിലേറി? അവൻ നിങ്ങളുടേയും എന്റെയും സ്ഥാനത്ത്, കഷ്ടത ഏൽക്കുകയായിരുന്നു. അവൻ നമുക്കുവേണ്ടി മരിച്ചതുകൊണ്ട്, നമ്മുടെ കുറ്റം ഏറ്റെടുത്തതുകൊണ്ട്, നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിഞ്ഞു! അവൻ നമ്മുടെ പാപങ്ങൾക്കുള്ള മറുവില കൊടുത്തതുകൊണ്ട്, നാം അതിന്നു പിഴ കൊടുക്കേണ്ടതില്ല. അവൻ നരകയാതന അനുഭവിച്ചു എന്നതിനാൽ, നമ്മുടെ നരക യാതന അവൻ നീക്കിതന്നു.

മനുഷ്യ ചരിത്രത്തിൽ, ഒരു മനുഷ്യന്റെ മരണം മറ്റുള്ളവരുടെ ഭൗതിക രക്ഷയ്ക്കു കാരണമായി തീരുന്നത് അപൂർവ്വമാണ്. എന്നാൽ ജഡത്തിൽ - ഉള്ള - ദൈവമായ, ക്രിസ്തുവിനു മാത്രമേ, സകല മനുഷ്യരുടെയും പാപങ്ങൾ ഏറ്റെടുക്കുവാനും പാപം ചെയ്തവർക്കുള്ള മറുവില നൽകുവാനും കഴിയൂ. ക്രിസ്തുവിന്റെ മരണം മാത്രമാണ് എല്ലാവരുടേയും ആത്മീയരക്ഷക്കുള്ള അവസരം ഒരുക്കിയത്.

## അതിനെ തുടർന്നു
## ഒരു ഉയർത്തെഴുന്നേൽപ്പുണ്ടായി

യേശുവിന്റെ മരണം വ്യത്യാസമുള്ളതായിരുന്നു കാരണം അതിനെ തുടർന്നു ഒരുയർത്തെഴുന്നേൽപ്പുണ്ടായി. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ, കല്ലറ മുദ്ര വെച്ചിരുന്ന കല്ല് ഒരു ദൂതൻ മാറ്റുകയും, യേശു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. കല്ലറക്കൽ വന്ന സ്ത്രീകളോടു, ദൂതൻ പറഞ്ഞു, "ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു" (മത്തായി 28:5, 6). യേശു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു; അക്കാരണത്താൽ അവന്റെ മരണം പ്രത്യേകതയുള്ളതായിരുന്നു.

അവൻ മരണത്തിൽ നിന്നു ജയിക്കേണ്ടതിനായിരുന്നു യേശു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റത്. അവൻ മരിച്ച അവസ്ഥയിൽ തന്നെ കഴിഞ്ഞിരുന്നുവെങ്കിൽ, പിന്നെ മരണമായിരുന്നു ജയിക്കുക. എന്നാൽ ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതുകൊണ്ടു, അവൻ മരണത്തെ ജയിച്ചു.

ആ വിജയം മൂലം, അവൻ "മരിച്ചിട്ടുയർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു, ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണ

യിക്കപ്പെടുകയും ചെയ്തു ...” (റോമർ 1:4). ക്രിസ്തുവിന്റെ ദൈവീകത്വത്തെ ശക്തമായി പ്രകടിപ്പിക്കുന്ന ഒന്നായിരുന്നു ഉയർത്തെഴുന്നേൽപ്പ്. അവൻ ആരാണെന്ന് അവകാശപ്പെട്ടുവോ അതു ഉയർത്തെഴുന്നേൽപ്പിനാൽ തെളിയിച്ചു: ദൈവപുത്രൻ.

അവൻ ദൈവപുത്രൻ ആയതുകൊണ്ട്, അവന്റെ ക്രൂശിലെ യാഗം ഫലപ്രദമായി തീർന്നു. അതു ക്രിസ്തു തന്റെ മരണത്താൽ ഒരു ചെക്ക് എഴുതിയതുപോലെ ആണ്. അതു നിങ്ങളുടെ പേരിൽ ഉള്ളതാണ്. ആ ചെക്കിലെ സംഖ്യ എത്രയാണ്? അതു രക്ഷയ്ക്കുവേണ്ടി, നിത്യജീവനുവേണ്ടി ഉള്ളതാണ് – അത്രയുമാണ് അവൻ നിങ്ങൾക്കു വാഗ്ദാനം ചെയ്തിരിക്കുന്നത്. അതിൽ ക്രിസ്തു തന്നെയാണ് ഒപ്പിട്ടിരിക്കുന്നത്. എന്നാൽ ഉയർത്തെഴുന്നേൽപ്പാണ് ആ ചെക്കിനെ ആധികാരികമാക്കിയത്. ആ ചെക്ക് വിലയുള്ളതാണെന്ന് ദൈവമാണ് ഉറപ്പുവരുത്തിയത്. അതുകൊണ്ട് നമ്മുടെ രക്ഷ ഇരട്ടി ഉറപ്പുള്ളതാണെന്ന് തീർച്ചയാക്കാം: ക്രിസ്തു നമുക്കുവേണ്ടി മരിച്ചതുകൊണ്ട്, നമുക്കു രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് ഉറപ്പിക്കാം, നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് തീർച്ചയുള്ളതിന്റെ കാരണം നമുക്കുവേണ്ടി മരിച്ചവൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റു എന്നുള്ളതാണ്.

**ഉപസംഹാരം**

അപ്പോൾ, പിന്നെ, എന്തിനാണ് യേശു ഒരു സാധാരണ കുറ്റവാളിയെ പോലെ മരിച്ചത്? അവന്റെ മരണം മറ്റു ആയിരങ്ങളെ പോലെ ആയിരുന്നുവെങ്കിലും, അതിനു പ്രത്യേകത ഉണ്ടായിരുന്നു.

എന്തുകൊണ്ടാണ് യേശു ആ പ്രത്യേകമായ രീതിയിൽ മരിച്ചത്? സുവിശേഷത്തിന്റെ സുവാർത്ത എന്തെന്നാൽ അവൻ മരിച്ചത് നമ്മെ അവന്റെ ജീവിതത്താലും, മരണത്താലും, ഉയർത്തെഴുന്നേൽപ്പിനാലും രക്ഷിക്കപ്പെടുവാനുള്ള വഴി ഒരുക്കുവാനാണ്.

സുവിശേഷത്തോടു മോശമായ ഒരു വാർത്തയും ബന്ധിച്ചിരിക്കുന്നു. പാപം യഥാർത്ഥമാണ്, ആ പാപം നിങ്ങളെ ശിക്ഷിക്കുകയും ചെയ്യും. പാപം ചെയ്യുന്നവരും ക്രിസ്തു നൽകുന്ന രക്ഷ നിരസിക്കയും ചെയ്യുന്നവർ എന്നേക്കുമായി നഷ്ടപ്പെടും. ഒരു ദിവസം ന്യായവിധി വരും, നാം എല്ലാവരും വിധിക്കപ്പെടുകയും ചെയ്യും. ന്യായവിധിക്കുശേഷം നിത്യതക്കായി ഒന്നുകിൽ, സ്വർഗ്ഗം അല്ലെങ്കിൽ നരകം. അവന്റെ മരണത്താൽ നിങ്ങൾ രക്ഷിക്കപ്പെട്ടില്ലെങ്കിൽ നിങ്ങൾക്ക് ഈ വസ്തുതകൾ ആശ്വാസമേകുകയില്ല.

തീർച്ചയായും, പാപത്തിന്റെ വസ്തുതകൾ, ന്യായവിധി, നരകം എന്നിവ നിങ്ങളെ പിടിപെടാതിരിക്കട്ടെ. പാപത്തിന്റെ ശിക്ഷയോടുകൂടിയ ഭയവും നീക്കേണ്ടതിനാണ് ക്രിസ്തു മരിച്ചത്. അവന്റെ മരണത്താൽ രക്ഷിക്കപ്പെട്ടുകൊണ്ട് നിങ്ങളുടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് നിങ്ങൾക്കു വിടുതൽ ലഭിക്കുവാൻ കഴിയും.

---

കുറിപ്പുകൾ

[1]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ മാത്യൂ* (ആസ്റ്റിൻ, റ്റെക്സ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1979), 470. [2]ജെയിംസ് ഹാസ്റ്റിങ്സ്, എഡ്., *ഹാസ്റ്റിങ്സ് ബൈബിൾ ഡിക്ഷ്ണറി* (ന്യൂ യോർക്ക്: ചാൾസ് സ്ക്രിബ്നേർസ് സൺസ്, 1898), 1:193.